**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ടചോദ്യം നം. * 384 — 17.10.2011-ൽ മറുപടിക്ക്

## അവയവദാനം നടത്തുന്നതിന് നിയമനിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ. എം. പി. വിൻസെന്റ് :<br>ശ്രീ. വി. ഡി. സതീശൻ :<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : | ശ്രീ. അടൂർപ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) അവയവദാനം നടത്തുവാൻ സന്നദ്ധരായവരുടെ ഓൺലൈൻ ഡാറ്റാ ബാങ്ക് ശേഖരിക്കുമോ ; | (എ) ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ ഹ്യൂമൻ ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ ആക്റ്റ് പ്രകാരം നേത്രദാനം ഒഴികെ അവയവദാനം നടത്തുവാൻ സന്നദ്ധരായവരുടെ ഓൺലൈൻ വിവരങ്ങൾ ശേഖരിക്കുവാനുള്ള നിയമം നിലവിലില്ല. |
| (ബി) മസ്തിഷ്ക്ക മരണം സംഭവിച്ചവരുടെ അവയവങ്ങൾ ദാനം ചെയ്യുന്നതിന് മറ്റു സംസ്ഥാനങ്ങളുടെ മാതൃകയിൽ ഒരു നിയമം കൊണ്ടുവരുമോ ; വിശദമാക്കുമോ ; | (ബി) തമിഴ്നാട് സർക്കാർ മാതൃകയിൽ ഒരു നിയമം കൊണ്ടുവരുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) അവയവദാതാക്കളുടെ സമ്മതപത്രം തിരിച്ചറിയൽ രേഖകളിൽ രേഖപ്പെടുത്തുന്നതിന് അവസരം നൽകുന്ന നിയമഭേദഗതി കൊണ്ടുവരുമോ ; വിശദമാക്കാമോ ? | (സി) സംസ്ഥാന സർക്കാരിന് കേന്ദ്ര ആക്റ്റിന്റെ പരിധിയിൽ നിന്ന് മാത്രമേ പ്രവർത്തിക്കുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ നിയമഭേദഗതി വരുത്തുവാൻ സാധിക്കുകയില്ല. |

സെക്ഷൻ ഓഫീസർ